## സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

തിരുവനന്തപുരം,
തീയതി: 23.04.2013.

ഉത്തരവ് നം. ഇ5-9756/13

വിഷയം: സാമൂഹ്യ നീതി വകുപ്പ്-ജീവനക്കാര്യം-ജില്ലാ സാമൂഹ്യ നീതി ഓഫീസ്, പത്തനംതിട്ട - ശ്രീ. K. സുദേവൻ, ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ - അച്ചടക്ക നടപടിയുടെ ഭാഗമായി സ്ഥലംമാറ്റി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1) പത്തനംതിട്ട ജില്ലാ സാമൂഹ്യ നീതി ഓഫീസറുടെ 25.2.13 ലെ P-1214/13 നമ്പർ കത്ത്.
2) ഈ കാര്യാലയത്തിലെ 13.3.13 ലെ ഇതേ നമ്പർ കത്ത്.

പത്തനംതിട്ട ജില്ലാ സാമൂഹ്യ നീതി ഓഫീസിൽ ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. സുദേവൻ, ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് തടസ്സം സൃഷ്ടിക്കുന്നതായും, മേലധികാരിയുടെ നിർദ്ദേശം പാലിക്കാതെ ജോലിയിൽ വീഴ്ച വരുത്തിയതായും പരാമർശം ഒന്നു പ്രകാരം ജില്ലാ ഓഫീസർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു സർക്കാർ ജീവനക്കാരൻ എന്ന നിലയിൽ ശ്രീ. K. സുദേവന്റെ ഭാഗത്തു നിന്നും സംഭവിച്ച വീഴ്ചകൾ ഗുരുതരമായി കണ്ട് പരാമർശം 2 പ്രകാരം ശ്രീ. K. സുദേവനോട് ഇക്കാര്യത്തിൻ മേൽ വിശദീകരണം സമയപരിധിക്കുള്ളിൽ നൽകാൻ ആവശ്യപ്പെടുകയുണ്ടായെങ്കിലും ശ്രീ. K. സുദേവൻ, ടിയാന് അനുവദിച്ച സമയപരിധിക്കുള്ളിൽ വിശദീകരണം സമർപ്പിക്കുകയുണ്ടായില്ല. വകുപ്പദ്ധ്യക്ഷയുടെ നിർദ്ദേശം യഥാസമയം പാലിക്കാത്തതിൽ വീഴ്ച വരുത്തിയ ശ്രീ. K. സുദേവന്റെ നടപടി ഗുരുതരമായ കൃത്യവിലോപമായി കണ്ട് ടിയാനെ അച്ചടക്ക നടപടിയുടെ ഭാഗമായി പത്തനംതിട്ട ജില്ലാ സാമൂഹ്യ നീതി ഓഫീസിൽ നിന്നും ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ ഇപ്പോൾ ഒഴിവുള്ള പേരാവൂർ ICDS ലേയ്ക്ക് സ്ഥലംമാറ്റി ഉത്തരവ് പുറപ്പെടുവിക്കുന്നു. ശ്രീ. സുദേവൻ ഉടനടി ജോലിയിൽ പ്രവേശിക്കേണ്ടതും വിവരം ബന്ധപ്പെട്ട കാര്യാലയ മേധാവികൾ ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ആർ. സഞ്ജീവ്,
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,
സാമൂഹ്യ നീതി ഡയറക്ടർക്ക് വേണ്ടി

ശ്രീ. സുദേവൻ. K,
ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ,
ജില്ലാ സാമൂഹ്യ നീതി ഓഫീസ്,
പത്തനംതിട്ട. (ജില്ലാ സാമൂഹ്യ നീതി ഓഫീസർ മുഖാന്തിരം)

പകർപ്പ്:
1) ജില്ലാ സാമൂഹ്യ നീതി ഓഫീസർ, പത്തനംതിട്ട.
2) സ്റ്റോക്ക് ഫയൽ/സ്പെയർ.